(Pages : 3)

**H – 2010**

Reg. No. : 115191132012

Name : Ananthalekshmi S

**First Semester B.A./B.Sc. Degree Examination, November 2019**

**First Degree Programme under CBCSS**

**Malayalam Language**

**Language Course II – Additional Language I**

**ML 1111.1 : മലയാള കവിത**

**(2018 admission onwards)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ജരിതയുടെ ഭർത്താവ് ആര്?

2. 'ഗ്രാമവൃക്ഷത്തിലെ കുയിൽ' ആരുടെ രചനയാണ്?

3. 'ആരോമൽച്ചേകവരങ്കം പിടിച്ചിട്ടും' അരമുഴംപോലും പിൻവാങ്ങാത്തതെന്ത്?

4. ആദ്യത്തെ കർഷകരാജാവായി ശോഭിച്ചതാര്?

5. 'ഗോപികാദണ്ഡകം' എന്ന രചന ഏതു കവിതയോടുള്ള പ്രതികരണമാണ്?

6. ഒക്ടേവിയോ പാസിന്റെ 'സൺസ്റ്റോൺ' എന്ന കൃതി 'സൂര്യശില' എന്ന പേരിൽ വിവർത്തനം ചെയ്തതാര്?

7. ഇക്കുറി ആതിരയെ ഒരുമിച്ചു കൈകൾകോർത്ത് എതിരേല്ക്കണമെന്നു പറയാൻ കാരണമെന്ത്?

P.T.O.

8. 'അമ്പലമണി' രചിച്ചതാര്?

9. ഉണ്ണിയാർച്ച പിറന്ന വീടേത്?

10. 'ശക്തിയുടെ കവി' എന്ന വിശേഷണം നേടിയതാര്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "എങ്ങാനും പൊയ്ക്കോൾകമ്മേ! നീകൂടെ മരിക്കേണ്ടാ" - ഇങ്ങനെ പറയാൻ കാരണമെന്ത്?

12. "ഭീതിവേണ്ട, തരികതെനിക്കു നീ" - പറഞ്ഞതാര്? സൂചിതമെന്ത്?

13. മനസ്വിനിയുടെ ചികുരഭരം വിലസിയത് എപ്രകാരമാണ്? കല്പനയുടെ ഭംഗി പരിശോധിക്കുക.

14. "സങ്കടം കാൺകിലും കാണാതെ പോകയോ
മംഗലേ നീയൊരു മങ്കയല്ലേ?" - പറഞ്ഞതാര്? കാരണമെന്ത്?

15. "ഒന്നിണ്ടു കേൾക്കണം അച്ഛനോട്" - ഉണ്ണിയാർച്ച ചോദിക്കുന്നതെന്ത് ?

16. വൃദ്ധന്റെ പ്രണയം ചാഞ്ഞു പെയ്യുന്ന മഴപോലെയാണെന്നു പറയുന്നതെന്തുകൊണ്ട്?

17. "മർദ്ദനമേറ്റു വലഞ്ഞോരെൻ ദൃഢ-
മസ്തകമിപ്പൊഴുമുയരുന്നു." - ആരുടെ? എന്തുകൊണ്ട്?

18. "അവിടെ നീ പോകേണ്ട, തവരുടെ മാർഗ്ഗമെന്നറിയൂ" - എവിടെ? സൂചിതമെന്ത്?

19. "എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ" - സൂചിതമെന്ത്?

20. "ആരന്ധകാരത്തെ സൃഷ്ടിച്ചവൻ, ദയാ-
വാരാശിയദ്ദേഹം വാഴ്ത്തപ്പെട്ടോൻ" - ഇങ്ങനെ സ്തുതിക്കാൻ കാരണമെന്ത്?

21. "അതിരുണ്ടവൾതൻ ക്ഷമയ്ക്കും" - ആരുടെ? സൂചിതമെന്ത്?

22. പാടത്തു കതിരിനു കനം വീഴുന്നതിനൊപ്പം കോമന്റെ വീട്ടിലുയർന്ന ആശകൾ ഏവ?

(8 × 2 = 16 Marks)

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഒരു തൈ നടുമ്പോൾ കൂടെ നടുന്നത് എന്തൊക്കെയാണ്?

24. മൊബൈൽഫോണിനെ പ്രണയവുമായി ബന്ധിക്കുന്നതിന്റെ കാവ്യയുക്തി പരിശോധിക്കുക.

25. 'എലികൾ' എന്ന രചനയിൽ ഹാസ്യം ദുരന്താവിഷ്കാരത്തിനു കരുവാകുന്നതെങ്ങനെ?

26. കൃഷ്ണന്റെ ബാല്യം 'കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്' എന്ന കവിതയുടെ ഭാവാന്തരീക്ഷത്തെ നിർണ്ണയിക്കുന്നതെങ്ങനെ?

27. ധർമ്മം, കർമ്മം എന്നിവയെക്കുറിച്ചുള്ള ധാരണകൾ 'ജരിതാവിലാപ'ത്തിലെ വൈകാരികമായ സന്ദർഭത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ?

28. "അപ്രതിമഗുണാർദ്രമനസ്വിനി നീ" എന്നു പ്രിയതമയെ വാഴ്ത്തുന്നതിന്റെ കാരണങ്ങൾ ഏവ?

29. "ഒന്നല്ലെനിക്കുള്ളു പൊന്മകനും

അവനെ പഴുതെ നീ കൊല്ലിക്കല്ലേ" - അച്ഛൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

30. "പാരിന്റെ ദാസിച്ചെറുമിയായ്പ്പോകയാൽ

സൂരജേ നീയെന്തുയർച്ച നേടി" - സൂചിതമെന്ത്?

31. 'നിനക്ക്' എന്ന കവിതയിലെ വാഗ്ദാനങ്ങളുടെ സവിശേഷത പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. "വൃദ്ധരതിയുടെ നിസ്സഹായതയെ വാത്സല്യരാശിയിലേക്കു വലിച്ചടുപ്പിക്കുന്ന അനുഭവമാണ് ചാഞ്ഞു പെയ്യുന്ന മഴയിലേത്" - പരിശോധിക്കുക.

33. 'സഫലമീയാത്ര' എന്ന കൃതാർത്ഥതയോടെ കവി ആതിരയെ എതിരേല്ക്കുന്നതിന്റെ ഭാവമേഖലകൾ വിശകലനം ചെയ്യുക.

34. "നാടകീയമായ ആഖ്യാനശൈലികൊണ്ടും പരിവർത്തനോത്സുകമായ പ്രമേയം കൊണ്ടും പ്രസക്തമാണ് ചണ്ഡാലഭിക്ഷുകി" - പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

35. 'പുത്തൻകലവും അരിവാളും' എന്ന കവിതയുടെ ചരിത്രപരവും സാമൂഹികവുമായ പ്രസക്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**

(Pages : 4)

**H – 2016**

Reg. No. : 11519132012

Name : Ananthalekshmi

**First Semester B.A. Degree Examination, November 2019**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course I – ML 1141 : നോവൽ, ചരിത്രവും, പാഠവും**

**(2018 admission onwards)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ഘാതകവധത്തിന്റെ കർത്താവാര്?

2. സി.വി. രാമൻപിള്ള രചിച്ച ചരിത്രാഖ്യായികകൾ ഏവ ?

3. ചന്തുമേനോൻ രചിച്ച അപൂർണ്ണ നോവലേത്?

4. ആരാണ് രാമദാസൻ?

5. ചന്ത്രക്കാറൻ ആരുടെ മകനാണ്?

6. ബാല്യകാലസഖി ജീവിതത്തിൽ നിന്ന് വലിച്ചു ചീന്തിയ ഒരേടാണ് അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞ നിരൂപകനാര്?

7. സുലൈമാൻ കഥാപാത്രമായി വരുന്ന ആനന്ദിന്റെ നോവലേത്?

P.T.O.

8. തകഴിക്ക് ജ്ഞാനപീഠപുരസ്ക്കാരം ലഭിച്ച വർഷമേത്?

9. എം.ടി.യുടെ ഏതു നോവലിനാണ് വയലാർ അവാർഡ് ലഭിച്ചത്?

10. ഖസാക്കിന്റെ ഇതിഹാസം രചിച്ചതാര്?

(10 × 1 = 10 Mark

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. (താ
കൊടുത്തിരിക്കുന്ന കഥാപാത്രങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക)

11. യോഗീശ്വരൻ.

12. ചന്ത്രക്കാറൻ.

13. കൃഷ്ണമേനോൻ.

14. ചാത്തൻ.

15. തങ്കം.

16. സുഹ്റ.

17. കുന്ദൻ.

18. ബൃഹന്നള.

19. ബലന്ധര.

20. അരത്തമ്മപ്പിള്ള തങ്കച്ചി.

21. ടിപ്പു.

22. കീചകൻ.

(8 × 2 = 16

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. 'കുന്ദലതയുടെ വിദ്യാഭ്യാസം അവൾക്ക് ഏറ്റവും വിനോദകരമായി ഭവിച്ചു.' എന്തുകൊണ്ട്?

24. "സബാഷ്! നീ ബഹദൂർ! നമുക്കു തമ്പി! തലവർക്കുപ്പിള്ളൈ" - ആര്? ആരോട്? എപ്പോൾ പറഞ്ഞു?

25. രാമൻ മേനോന്റെ എഴുത്തിന് മറുപടി കൊടുക്കണമെന്ന് കൃഷ്ണമേനോൻ ശഠിക്കുന്നതെന്തു കൊണ്ട്?

26. 'അപ്പം നെല്ലിന്റേം ചക്രത്തിന്റേം കാര്യം വരുമ്പം ജാതിയൊന്നുമില്ല' ആരുടെ വാക്കുകൾ? ഇങ്ങനെ പറയാൻ അയാളെ പ്രേരിപ്പിക്കുന്നതെന്ത്?

27. 'സുഹ്റയും മജീദും സുഹൃത്തുക്കളാകുന്നതിനുമുന്നേ അവർ ശത്രുക്കളായിരുന്നു' - കാരണം വിവരിക്കുക.

28. 'ഒക്കെ പേടിയാ! അപ്ഫനെ... അമ്മേ ആചാരങ്ങളെ ... ദൈവത്തെപ്പോലും പേടിയാണേട്ടന്' - ആരുടെ വാക്കുകൾ? കാരണമെന്ത് ?

29. "ദുഷ്ടനായിരുന്നു എന്നാലും അയാളൊരാളേ സ്വന്തമായുണ്ടായിരുന്നുള്ളു രക്തബന്ധത്തിൽ" ആരുടെ വാക്കുകൾ? ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?

30. കുന്ദന് ആ മനുഷ്യനോട് ദേഷ്യമാണ് തോന്നിയത് - ആ മനുഷ്യൻ ആര്? എന്തുകൊണ്ടാണ് കുന്ദന് ദേഷ്യം തോന്നിയത്?

31. ആദ്യകാല മലയാള നോവലുകളെ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. മനുഷ്യവികാരങ്ങളുടെ മൗലികതയും അപൂർവ്വതയുടെ സൗന്ദര്യവുമാണ് ബാല്യകാലസഖി വ്യത്യസ്തമാക്കുന്നത് - ചർച്ച ചെയ്യുക.

33. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ അടരുകളിലൂടെയാണ് ലളിതാംബ അന്തർജ്ജനം 'അഗ്നിസാക്ഷി' രൂപപ്പെടുത്തിയത് - ശരിയോ?

34. മനുഷ്യന്റെ നിസ്സഹായതയുടെയും അന്വത്വത്തിന്റെയും ദർശനഭാരമുള്ള നോവലാണ് മരുഭൂമികൾ ഉണ്ടാകുന്നത്. വിലയിരുത്തുക.

35. ഉത്തരാധുനിക പ്രവണതകൾ മലയാള നോവലിൽ വരുത്തുന്ന ഭാവുകത്വപരിണാമം 'ഹെർബേറിയ'ത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

(2 × 15 = 30 Marks)

---

(Pages : 3)

H – 2017

Reg. No. : 115191320l2

Name : Ananthalekshmi S

First Semester B.A. Degree Examination, November 2019

First Degree Programme under CBCSS

Malayalam : Language, Culture and Literature

Complementary Course I – ML 1131.1 : കേരളസംസ്കാരം - ഭാഗം I

(2018 admission onwards)

Time : 3 Hours

Max. Marks : 8

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. കേരളത്തെക്കുറിച്ച് പരാമർശിക്കുന്ന ഏറ്റവും പഴക്കം ചെന്ന ലിഖിതമേത്?

2. ചിലപ്പതികാരത്തിന്റെ കർത്താവാര്?

3. ആരാണ് പാലക്കാട്ടുകോട്ട നിർമ്മിച്ചത്?

4. തിരുവിതാംകൂറിലെ ഏറ്റവും പഴയ നാണയമേത്?

5. 'മുസിരിസ്' എന്നു വിളിക്കപ്പെടുന്ന പ്രാചീന തുറമുഖമേത്?

6. സംഘകാലത്തെ യുദ്ധദേവതയുടെ പേരെന്ത്?

7. ജൂതശാസനത്തിൽ പരാമർശിക്കപ്പെടുന്ന ജൂതപ്രമാണിയാര്?

8. മങ്ങാട്ടച്ചൻ ആരാണ്?

9. സംഘം എന്നാൽ എന്ത്?

10. പതിനെട്ടരക്കവികളിൽ 'അരക്കവി' എന്നു വിശേഷിപ്പിക്കുന്നത് ആരെ?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. വാഴപ്പള്ളിശാസനം.

12. മൂഷകവംശം മഹാകാവ്യം.

13. മടലേറൽ.

14. കല്ലറകൾ.

15. തിണ്ടിസ്.

16. വടക്കിരിക്കൽ.

17. ജൂതമതം.

18. കോയിലധികാരി.

19. ഐന്തിണകൾ.

20. രേവതിപ്പട്ടത്താനം.

21. കാന്തള്ളൂർ ശാല.

22. ശങ്കരനാരായണീയം

(8 × 2 =

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരം എഴുതുക.

23. ദ്രാവിഡ സംസ്കാരത്തിന്റെ സവിശേഷതകൾ ചുരുക്കി പ്രതിപാദിക്കുക.

24. കേരളത്തിന്റെ ആദ്യകാല വിദേശബന്ധങ്ങളെക്കുറിച്ചു വിവരിക്കുക.

25. നാണയങ്ങൾ കേരളചരിത്രരചനയിലെ ഉപാദാനസാമഗ്രികളാകുന്നതെങ്ങനെ?

26. പ്രാചീന കേരളത്തിലെ വാണിജ്യസംഘങ്ങൾ ഏവ?

27. പ്രാചീന കേരളത്തിലെ സത്യപരീക്ഷകളേവ? വിവരിക്കുക.

28. മരുമക്കത്തായ ദായക്രമത്തിന്റെ സവിശേഷതകളേവ?

29. സംഘസാഹിത്യം എന്നാലെന്ത്? സംഘകാലകൃതികളെ പരിചയപ്പെടുത്തുക.

30. പെരുമാക്കന്മാരുടെ ഭരണത്തിൽ കീഴിലുള്ള രാഷ്ട്രീയകേരളത്തിന്റെ സവിശേഷതകളേവ?

31. ക്ഷേത്രസംസ്കാരം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തെ സ്വാധീനിച്ചതെങ്ങനെ?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. പഴന്തമിഴ്പ്പാട്ടുകളിലെ സാമൂഹികജീവിതത്തെ വിലയിരുത്തുക.

33. വിദേശസഞ്ചാരികളുടെ കുറിപ്പുകളിൽ പരാമർശിക്കപ്പെടുന്ന കേരളത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

34. ബുദ്ധ-ജൈന മതങ്ങൾ കേരളസംസ്കാരത്തിനു നൽകിയ സംഭാവനകൾ പരിശോധിക്കുക.

35. നമ്പൂതിരിമാരുടെ പ്രഭാവം കേരളത്തിന്റെ സാമൂഹികസാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ ഉണ്ടാക്കിയ സ്വാധീനം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

**(2 × 15 = 30 Marks)**

---